# കോവിഡ്: കുടുംബശ്രീ തയാറാക്കിയത് 18.5 ലക്ഷം മാസ്കുകൾ

മനോരമ ലേഖകൻ
APRIL 08, 2020 09:11 PM IST



തിരുവനന്തപുരം ● കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ തയാറാക്കിയത് 18.5 ലക്ഷം കോട്ടൺ മാസ്കുകൾ. ഏപ്രിൽ 7 വരെയുള്ള കണക്കുകൾ അനുസരിച്ച് കുടുംബശ്രീയുടെ 306 തയ്യൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ 18,52,271 മാസ്കുകളാണ് തയാറാക്കിയത്. ലെയറുകൾക്ക് അനുസരിച്ച് 10 രൂപ മുതൽ 15 രൂപ വരെയാണ് മാസ്കുകളുടെ വില.

കേരള മെഡിക്കൽ സർവീസ് കോർപറേഷൻ, ടൂറിസം വകുപ്പ്, ഇന്ത്യൻ ഓയിൽ കോർപറേഷൻ, എയർപോർട്ട് അതോറിറ്റി, ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ, ജൻ ഔഷധി സ്റ്റോഴ്സ്, ബാങ്കുകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ഓർഡറുകൾ അനുസരിച്ചും വ്യക്തിപരമായി ലഭിച്ച ഓർഡറുകൾ അനുസരിച്ചുമാണ് മാസ്കുകൾ തയാറാക്കിയത്. കുടുംബശ്രീയിൽ നിന്നും മാസ്കുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് kudumbashree.org/pages/175 ലിങ്കിൽ നിന്നും ഫോൺ നമ്പറുകൾ കണ്ടെത്താമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ അറിയിച്ചു.

**(ജില്ലകളിലെ യൂണിറ്റുകളുടെ എണ്ണവും തയാറാക്കിയ മാസ്കുകളുടെ എണ്ണവും)**

തിരുവനന്തപുരം - 40 - 2,00,500

കൊല്ലം - 38 - 3,21,651

പത്തനംതിട്ട -15 -54,703

ആലപ്പുഴ - 10 - 1,18,449

കോട്ടയം - 26 - 2,64,380

ഇടുക്കി - 18 - 31,900

എറണാകുളം - 38 - 1,34,662

തൃശ്ശൂർ - 16 - 1,32,296

പാലക്കാട് - 29 - 1,00,084

മലപ്പുറം - 21 - 1,42,670

കോഴിക്കോട് - 10 - 1,99,000

വയനാട് - 10 - 33,949

കണ്ണൂർ - 16 - 59,791

കാസർകോട് - 19 - 58,236.